## 756

കരുതിടും കരുതിടും കരുതിടും നാഥൻ
കരതലത്തിൽ ചേർത്തണച്ചു കാത്തിടും നാഥൻ
കഷ്ടനാളിൽ കൈവിടാതെ തന്റെ പക്ഷങ്ങൾ-
ക്കുള്ളിലഭയം തന്നു സാധു എന്നെ കരുതിടും

1 മനസ്സുരുകി നീറും നേരം തഴുകിടും
മനസ്സലിഞ്ഞു ഏഴയെന്നെ കരുതിടും കണ്ണുനീരെല്ലാം കർത്തൻ തുടച്ചിടും
എന്റെയുള്ളം കുതൂഹലത്താൽ നിറഞ്ഞു കവിഞ്ഞിടും

2 മരണനിഴലിൻ വഴികളിൽ തുണ വരും
അരിഗണത്തെ ജയിച്ചിടാൻ കൃപതരും സർവ്വഭീതിയും അകലെ അകറ്റിടും
എന്നെയെന്നും പരിചരിച്ചു നാഥൻ നടത്തിടും-

3 സുഗന്ധതൈലം എന്റെ തലയിൽ പകർന്നിടും
പുതിയ കൃപകൾ നാൾകൾതോറും തുടർന്നിടും
സ്തോത്രഗീതമെൻ നാവിലുയർന്നിടും
എന്നും നാഥൻ പിരിഞ്ഞിടാതെന്നരികിൽ പാർത്തിടും-

4 പരമസീയോൻ പുരിയിൽ നാഥനൊരുക്കിടും
പുതിയ വീട്ടിൽചെന്നു ഞാനും ചേർന്നിടും ദുഃഖമില്ലിനി മരണമില്ലിനി
നിത്യമോദം അനുഭവിച്ചു നിത്യം വാഴും ഞാൻ- **G.P.**